**2014 ഡിസംബർ 8 വൈദ്യുതി ജീവനക്കാരുടെ പാർലമെന്റ് മാർച്ച്.**

**NCCOEEE സംസ്ഥാന ആലോചന യോഗം.**

**സർക്കുലർ-2/2014**

രാജ്യത്തെ ഊർജ്ജ മേഖലയിൽ തുടർന്നുവരുന്ന ഉദാരവല്ക്കരണ നടപടികൾ കൂടുതൽ ശക്തമാക്കാനുള്ള സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇതിനെതിരെ ഊർജ്ജ മേഖലയിലെ, വിശേഷിച്ച് വൈദ്യുതി മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും ആഫീസർമാരുടെയും സംഘടനകളുടെ സംയുക്ത വേദിയായ NCCOEEE യുടെ നേതൃത്വത്തിൽ നടത്തിവരുന്ന യോജിച്ച പ്രക്ഷോഭങ്ങളുടെ തുടർച്ചയായി 2014 ഡിസംബർ 8-ന് ഇന്ത്യൻ പാർലമെന്റിനു മുന്നിലും അന്നേദിവസം സംസ്ഥാനങ്ങളിലും മാർച്ച് ഉൾപ്പെടെയുള്ള പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ ആലോചിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വൈദ്യുതി മേഖലയിലെ ട്രേഡ് യൂണിയൻ സംഘടനകളുടെയും ഓഫീസർമാരുടെയും സംഘടനകളുടെ യോഗം 13.11.2014-ന് സ: കെ.ഒ.ഹബീബിന്റെ അദ്ധ്യക്ഷതയിൽ ബി.ടി.ആർ മെമ്മോറിയലിൽ വെച്ച് ചേർന്നു. യോഗത്തിൽ കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ, കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ, കേരള വിദ്യുത് മസ്ദൂർ സംഘ്, കെ.എസ്.ഇ.ബി എംപ്ലോയീസ് ഓർഗനൈസേഷൻ, കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ, കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ, കേരള പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ, കെ.എസ്.ഇ.ബി പോസ്റ്റ് ഗ്രാഡ്വേറ്റ് എഞ്ചിനീയേഴ്സ് അസോസിയേഷൻ എന്നി സംഘടനകളെ പ്രതിനിധീകരിച്ച് സർവ്വശ്രീ ജോർജ്ജ്.എം.ഡി, പി.ഹരിഹരൻ വി.എസ്.അജിത്കുമാർ, അജിത്കുമാർ.ആർ, പി.എസ്.പ്രശാന്ത്, വിത്സൻ ലോബോ, കെ.മോഹനൻ, ഷാജഹാൻ.എം, എം.ജി.സുരേഷ്കുമാർ, ബി.പ്രദീപ്, ജെ.സത്യരാജൻ, മധുലാൽ.ജെ, മുഹമ്മദ് ഷെറീഫ്, രഞ്ജിത് കുമാർ.വി, സുധാകരൻ നായർ.ആർ, ഡേവിഡ്സൺ.സി എന്നിവർ പങ്കെടുത്തു.

ചർച്ചകൾക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു.

| | |
|---|---|
| 1) | വൈദ്യുതി മേഖലയിൽ വരുത്തിക്കൊണ്ടിരിക്കുന്നതും, വരുത്താനുദ്ദേശിക്കുന്നതുമായ പുതിയ മാറ്റങ്ങൾ സംബന്ധിച്ച് ജീവനക്കാർക്കുള്ള ആശങ്കയും അഭിപ്രായവും സംസ്ഥാനത്തെ എം.എൽ.എ.മാർ, എം.പി.മാർ അടക്കമുള്ള ജനപ്രതിനിധികളെ ബോധ്യപ്പെടുത്തി ബന്ധപ്പെട്ട നിയമനിർമ്മാണ സഭകളിൽ ആവശ്യമായ ഇടപെടൽ നടത്താൻ ആവശ്യപ്പെടണം. |
| 2) | ഇക്കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഇ-മെയിൽ സന്ദേശങ്ങൾ പ്രധാനമന്ത്രിയ്ക്ക് അയയ്ക്കണം. |
| 3) | 20.11.2014-നകം എല്ലാ ജില്ലകളിലും സംയുക്ത ആലോചനാ യോഗം ചേരണം. |
| 4) | 25.11.2014-നകം എല്ലാ ഡിവിഷനുകളിലും സംയുക്ത ആലോചനാ യോഗം ചേരണം. |
| 5) | 2014 ഡിസംബർ 7-നകം എല്ലാ ഡിവിഷൻ കേന്ദ്രങ്ങളിലും ഉച്ചയ്ക്ക് സംയുക്ത വിശദീകരണ യോഗങ്ങൾ സംഘടിപ്പിക്കണം. |
| 6) | 2014 ഡിസംബർ 8 –ന് ജില്ലാടിസ്ഥാനത്തിൽ സംയുക്ത പൊതുയോഗങ്ങൾ സംഘടിപ്പിക്കണം. |
| 7) | പാർലമെന്റ് മാർച്ചിന് പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിന് സംഘടനകൾ തനതായ പ്രവർത്തനം സംഘടിപ്പിക്കണം. |

തിരുവനന്തപുരം

14.11.2014

NCCOEEE കേരള സംസ്ഥാന കമ്മിറ്റി.

Scanned by CamScanner